027662

27 JUL 2017

**കേരള സർക്കാർ**

നം:84/കെ3/2017/ഉ.വി.വ.

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 27-07-2017.

**ഗവൺമെന്റ് സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

മാനേജിങ്ങ് ഡയറക്ടർ,
KITCO, ഫെമിത്, പി.ബി. നം. 4407, പുതിയ റോഡ്
എൻ.എച്ച്. ബൈപ്പാസ് വെണ്ണല, കൊച്ചി-682 028

എക്സിക്യൂട്ടീവ് ഡയറക്ടർ
ഐ.റ്റി@സ്കൂൾ, തിരുവനന്തപുരം

സർ,

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ്- ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലെ KIIFB പ്രൊപ്പോസലുകൾ സംബന്ധിച്ച അവലോകന യോഗം-സംബന്ധിച്ച്

സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ KIIFB ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ നിർമ്മിതികളിൽ ഉൾപ്പെടുത്തി ഐ.റ്റി അധിഷ്ഠിത സ്മാർട്ട് ക്ലാസ്സുകൾ, ലാബുകൾ, ലൈബ്രറി, നെറ്റ് വർക്കിംഗ് എന്നിവ സംബന്ധിക്കുന്ന പ്രൊപ്പോസലുകൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം 03.08.2017, 04.08.2017 എന്നീ തീയതികളിൽ രാവിലെ 10 മണിക്ക് സെക്രട്ടറിയേറ്റിലെ Annexe II കോൺഫറൻസ് ഹാളിൽ വച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്ന ഓരോ കോളേജിലേയും പ്രൊപ്പോസലിനോടൊപ്പം ക്ലാസുകളുടെ എണ്ണം, പൊതു കമ്പ്യൂട്ടർ സെന്റർ ഉണ്ടെങ്കിൽ അവയുടെ വിശദവിവരം, പ്രവർത്തിക്കുന്ന ലാപ് ടോപ്പ്, കമ്പ്യൂട്ടർ എന്നിവയുടെ ലിസ്റ്റ്, മറ്റ് വിശദാംശങ്ങൾ എന്നിവ സഹിതം പ്രിൻസിപ്പൽമാർ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

| | |
|---|---|
| 03.08.2017<br>10 am | കാസറഗോഡ്, കോഴിക്കോട്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം തൃശ്ശൂർ |
| 04.08.2017<br>10 am | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം |

ഇതിലേയ്ക്ക് ആവശ്യമായ നിർദ്ദേശം അതാത് പ്രിൻസിപ്പൽമാർക്ക് നൽകണമെന്ന് അറിയിക്കുന്നു.

പ്രസ്തുത യോഗത്തിൽ KITCO യുടെ പ്രതിനിധികൾ, IT@School ന്റെ പ്രതിനിധികൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും അതാത് കോളേജുകളിലേക്ക് നിയോഗിക്കപ്പെട്ട ടെക്നിക്കൽ ടീം അംഗങ്ങൾ എന്നിവർ കൂടി പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ
**തരുൺലാൽ എസ്.**
അണ്ടർ സെക്രട്ടറി
ഗവൺമെന്റ് സെക്രട്ടറിക്ക് വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Endt.No.P3/16731/2017/Coll.Edn. Dated : 28.07.2017

Copy communicated to all Arts & Science College Principals those who are coming under KIIFB Projects for information & necessary action. You are also required to incorporate the list of computers which can be repaired and made usable during the meeting on **03.08.2017 and 04.08.2017** respectively as per the schedule given in the Government letter. **The matter may be given top priority**.

Sd/-
SHEELA.P,
SENIOR FINANCE OFFICER.

// APPROVED FOR ISSUE //

SUPERINTENDENT.

Sv. 28.07.2017